WEBSITE: www.keralapsc.gov.in
E-MAIL: kpsc.psc@kerala.gov.in
Telephone : 0471-2546250/224

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

**നമ്പർ: Estt. I Addl (1)13389/13/ഗ.വി** **തിരുവനന്തപുരം,**
**തീയതി:28.12.2016**

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ആഫീസിലെ കസേരകളുടെ (സ്റ്റീൽ /തടി ) അറ്റകുറ്റപ്പണികൾ ഒരു വർഷത്തേയ്ക്ക് ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ:-**

1 ടി ക്വട്ടേഷൻ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന വിലാസത്തിൽ **20.01.2017** -ാം തിയതി **1 p.m** നകം ഈ ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

2 ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനുമുകളിൽ 'കസേര വരിയുന്നതിനുള്ള ക്വട്ടേഷൻ' എന്ന് പ്രത്യേകം എഴുതിയിരിക്കണം.

3 നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണി ക്കുന്നതല്ല.

4 ക്വട്ടേഷൻ സമർപ്പിക്കുന്നവർ തങ്ങളുടെ ഏതെങ്കിലുമൊരു അംഗീകൃത ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ ശരിപ്പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

5 **20.01.2017** -ാം തിയതി 3 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.

6 കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലിനോക്കുന്നവർ ക്വട്ടേഷൻ നടപടികളിൽ പങ്കാളികളാവാൻ പാടുള്ളതല്ല.

7 ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമാ യിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കു

ന്നതുമാണ്.

8 ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ **20.01.2017** ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാനതീയതിയായി കണക്കാക്കുന്നതായിരിക്കും

9 കൂടുതൽ വിവരങ്ങൾക്ക് 0471-2546250, 0471-2546224 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**Sd/-**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

പകർപ്പ്:

1) പി.ആർ.യൂണിറ്റ്
2) എൻക്വയറി
3) നോട്ടിസ് ബോർഡ്
4) സാർജന്റ്
5) വെബ് സൈറ്റ്
6) സ്റ്റോക്ക് ഫയൽ